**പതിനാലാം കേരളനിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.952** 28/04/2017 -ൽ മറുപടിയ്ക്ക്

## വിദ്യാർത്ഥികളുടെ പഠന നിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.മുരളീധരൻ : | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി എസ്.എസ്.എൽ.സി, പ്ലസ്ടു വിദ്യാർത്ഥികൾക്ക് മാർക്ക്ദാനം നടത്തുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; | (എ) എസ് എസ് എൽ സി പരീക്ഷയ്ക്ക് നിലവിൽ മാർക്ക്ദാനം നടത്താറില്ല. ഹയർ സെക്കണ്ടറിയിൽ പാഠഭാഗത്തിനു പുറത്തുനിന്നുള്ള ചോദ്യങ്ങൾ, ഉയർന്ന തോതിലുള്ള കഠിന ചോദ്യങ്ങൾ, തെറ്റായ ചോദ്യങ്ങൾ എന്നീ ഘട്ടങ്ങളിൽ മാത്രമാണ് ഉദാരമൂല്യനിർണ്ണയം എന്ന സമീപനം കൈക്കൊള്ളാറുള്ളത്. അതു മാർക്കദാനമായി കാണാനാവില്ല.<br>അതതു കാലത്തെ സാഹചര്യങ്ങളെ വിലയിരുത്തി പരീക്ഷകൾക്ക് പൊതുവിലും, വിഷയാടിസ്ഥാനത്തിൽ പ്രത്യേകിച്ചും മോഡറേഷൻ നൽകാൻ അതതു പരീക്ഷാ ബോർഡുകൾക്ക് അവകാശമുണ്ട്. ഈയിടെയായി പരീക്ഷാ ബോർഡുകൾ മോഡറേഷൻ സമ്പ്രദായത്തെ ഒട്ടും പ്രോത്സാഹിപ്പിക്കുന്നില്ല. |
| (ബി) മാർക്ക്ദാനം നടത്തുന്നതും ഉദാര മൂല്യനിർണ്ണയം നടത്തുന്നതും കാരണം വിദ്യാർത്ഥികളുടെ പഠനനിലവാരം കുറയുന്നു എന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ